കേരള സംസ്ഥാന ഐ.ടി. മിഷന്റെ ഐ.പി.എം.സി. (Investment Promotion Management Cell) പദ്ധതി പ്രകാരം വിവരസാങ്കേതിക മേഖലയിലുള്ള 24 വ്യവസായ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകുകയുണ്ടായി. ഏകദേശം രണ്ട് കോടിയിലധികം രൂപ ഈയിനത്തിൽ സബ്സിഡിയായി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ടെക്നോപാർക്കിന്റെ വിപുലീകരണം

269 (636) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ വ്യവസായ സംരംഭകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവിടെ നിന്ന് കഴിഞ്ഞ 5 വർഷം നികുതി ഇനത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ടെക്നോപാർക്കിന്റെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ടെക്നോപാർക്കിലെ തദ്ദേശീയരായ വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിന്റെ ഫെയ്സ്-1, ഫെയ്സ്-2, ഫെയ്സ്-3, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നീ എല്ലാ പദ്ധതികളിലുമുള്ള പ്രത്യേക സാമ്പത്തിക മേഖലകളിലെ (SEZ) സ്ഥല സൗകര്യം, വൻകിട ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്കുൾപ്പെടെ പ്രത്യേക സാമ്പത്തിക മേഖലകളിലും അല്ലാതെയും (SEZ and non SEZ) ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമി, ലോകോത്തര നിലവാരമുള്ള കെട്ടിട സൗകര്യങ്ങൾ, പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന ബിസിനസ് ഓഫീസുകൾ, മികച്ച ജലവൈദ്യുതി വിതരണ സംവിധാനം, മികച്ച നിലവാരത്തിലുള്ള നെറ്റ്വർക്ക് കണക്ടിവിറ്റി സജ്ജീകരണങ്ങൾ, ഐ.ടി. സംരംഭങ്ങൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിനായി ടെക്നോപാർക്കിനുള്ള ഏകജാലക സംവിധാനം (Single Window Clearance), വൈദ്യുതി വിതരണ ലൈസൻസി പദവി തുടങ്ങിയ സൗകര്യങ്ങൾ ടെക്നോപാർക്കിൽ ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായ സംരംഭങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

Year	Total
2010-11	4,88,98,485
2011-12	6,33,73,651
2012-13	7,02,56,516
2013-14	9,21,60,106
2014-15	8,91,25,748
TOTAL	36,38,14,506

(സി) ടെക്നോപാർക്കിന്റെ ഫെയ്സ്-1, 2, 3, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നീ പദ്ധതികളിലെല്ലാം കൂടുതൽ ഐ.ടി. സംരംഭങ്ങൾക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിക്കൊണ്ട് ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചുവരുന്നു. ഈ പദ്ധതികളിൽ ഫെയ്സ്-1 പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. ഈ കാമ്പസിൽ കൂടുതൽ സ്ഥലസൗകര്യങ്ങൾക്കായി പുതുതായി ഒരു ഐ.ടി. കെട്ടിടം നിർമ്മിക്കാനുള്ള തയ്യാറെടുപ്പിലാണ്. ടെക്നോപാർക്ക് ഫെയ്സ്-2-SEZ പദ്ധതിയിലെ ഘട്ടംഘട്ടമായിട്ടുള്ള വികസന പ്രവർത്തനങ്ങൾ യു.എസ്.ടി. ഗ്ലോബൽ, ഇൻഫോസിസ് എന്നീ രണ്ട് കമ്പനികൾ നേരിട്ട് നടപ്പിലാക്കിവരുന്നു. ഫെയ്സ്-3-SEZ-ൽ ടെക്നോപാർക്കിന്റെ 1 മില്യൺ ച.അടി വിസ്തീർണ്ണത്തിലുള്ള ഗംഗ-യമുന കെട്ടിട സമുച്ചയം പൂർത്തിയാക്കി. ഇതിൽ ഏകദേശം 90% സ്ഥലം വിവിധ കമ്പനികൾക്കായി നൽകിക്കഴിഞ്ഞു. ഈ പദ്ധതികൾക്കാവശ്യമായ അപ്രോച്ച് റോഡുകൾ, സബ്സ്റ്റേഷനുകൾ, ജലവൈദ്യുത വാർത്താവിനിമയ സംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രസ്തുത പദ്ധതികളിൽ ഭൂമി/സ്ഥലം എന്നിവ നൽകിയ കമ്പനികൾ അവരുടെ വ്യവസായത്തിനാവശ്യമായ കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൊല്ലം ടെക്നോപാർക്ക് പദ്ധതിയിലുൾപ്പെട്ട ഒരു ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള അഷ്ടമുടി എന്ന ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി, 9 ചെറിയ ഐ.ടി. കമ്പനികൾ ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 44 ഏക്കർ വിസ്തൃതിയുള്ള കൊല്ലം ടെക്നോപാർക്ക് പദ്ധതിയിലേയ്ക്ക് ആവശ്യമായ ജല വിതരണ ശൃംഖലയ്ക്കുവേണ്ടി 11 ലക്ഷം സ്റ്റോറേജ് കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കും

LIBRARY ARCHIVES Kerala Legislative Assembly

പമ്പ് ഹൗസും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സജ്ജമാക്കിയിരിക്കുന്നു. 0.3 MLD കപ്പാസിറ്റിയുള്ള ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് (Effluent Treatment Plant), ക്യാമ്പസിലെ എല്ലാ പ്ലോട്ടുകളേയും ബന്ധിപ്പിക്കുന്ന 1.5 കി.മീ. നീളമുള്ള ഇന്റേണൽ റോഡ്, കണ്ടറ 220 കെ.വി. സബ്സ്റ്റേഷനുകളിൽ നിന്ന് അണ്ടർഗ്രൗണ്ട് ഭൂഗർഭ കേബിളുകളിൽക്കൂടി ടെക്നോപാർക്കിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള 110 കെ.വി. സബ്സ്റ്റേഷൻ, ഒരു കിണറും അതിനോട് അനുബന്ധിച്ചുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും, അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നീ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഷ്ടമുടി ഐ.ടി. കെട്ടിടത്തിൽ രണ്ടും മൂന്നും നിലകളിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന എസ്.ബി.സി. ഓഫീസുകൾ, ഈ ബിൽഡിംഗിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ടെക്നോപാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ പണികൾ ഇവ പുരോഗമിച്ചു വരുന്നു.

(ഡി) മേൽപ്പറഞ്ഞിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും തദ്ദേശീയരായ വ്യവസായ സംരംഭകർക്കും ലഭ്യമാണ്.

ടെക്നോപാർക്ക് മൂന്നാം ഘട്ട വികസനം

270 (637) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോപാർക്ക് മൂന്നാം ഘട്ട വികസനത്തിന്റെ ഭാഗമായി അമേരിക്കൻ കമ്പനിയായ ടോറസിന്റെ ടോറസ് ഡൗൺ ടൗൺ ടെക്നോപാർക്ക് പദ്ധതിയുടെ കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോ ;

(ബി) കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പദ്ധതി വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കമ്പനിയ്ക്ക് പദ്ധതിയെ മുൻനിർത്തി ടെക്നോപാർക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കുമെന്നും എത്ര വർഷത്തിനകം എന്തെല്ലാം കാര്യങ്ങൾക്കായി എത്ര രൂപ കമ്പനി നിക്ഷേപിക്കുമെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly